LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) ഉണ്ട്. സുസ്ഥിരവും സമഗ്രവുമായ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാജ്യത്തിന്റെ ജി.ഡി.പി. വർദ്ധിപ്പിക്കുക, അതേസമയം ദേശീയ വികസന ലക്ഷ്യങ്ങളോടും അന്താരാഷ്ട്ര പ്രതിബദ്ധതകളോടുംകൂടി ഇന്ത്യയുടെ വികസന അജണ്ടയെ വിന്യസിക്കുക എന്നീ ലക്ഷ്യത്തോടുകൂടി ശ്രുപവൽക്കരിച്ച ഇന്ത്യയുടെ നീല സമ്പദ്‌വ്യവസ്ഥ കരട് നയ ചട്ടക്കൂട് സെപ്റ്റംബർ 2020-ന് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളിൽ മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ ആശങ്കയും നിർദ്ദേശവും കേന്ദ്രത്തെ അറിയിക്കുന്നതാണ്.

(സി) മത്സ്യത്തൊഴിലാളികളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

തീരദേശ പരിപാലന പദ്ധതി

14(*42) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തീരനിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരദേശ പരിപാലന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) തീരദേശ പരിപാലന പദ്ധതി തീരദേശവാസികളായ മത്സ്യ ത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് ആശങ്കപ്പെടുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശമേഖലയിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) കേന്ദ്ര സർക്കാരിന്റെ തീരനിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരദേശ പരിപാലന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) തീരദേശ പരിപാലന വിജ്ഞാപനം തീരദേശവാസികളായ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് ആശങ്ക പ്പെടുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. കെ. വി. തോമസ്, ചീഫ് സയിന്റിസ്റ്റ് & ഹെഡ് കോസ്റ്റൽ പ്രോസെസ്സ് ഡിവിഷൻ (റിട്ടയേർഡ്) NCESS ചെയർമാനായ 10 അംഗങ്ങളുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ചാണ് വിവിധ തീരദേശ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17 മുതൽ 2021-22 വരെ സാമ്പത്തിക വർഷങ്ങളിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, തീരദേശ റോഡുകൾ മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുന്നത്. മേൽ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.